**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2598** **17-03-2022 - ൽ മറുപടിയ്ക്ക്**

**ജില്ലാടിസ്ഥാനത്തിൽ പ്ലാസ്റ്റിക് മാലിന്യം റീസൈക്ലിംഗ് കേന്ദ്രങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി | | null<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ പ്ലാസ്റ്റിക് മാലിന്യം വ്യവസായ വകുപ്പിന്റെ നേതൃത്വത്തിൽ ശേഖരിച്ച് അതാതു ജില്ലയിൽ വച്ച് തന്നെ റീസൈക്ലിംഗ് നടത്തി പുനരുപയോഗം ഉറപ്പുവരുത്തുന്നതിനുള്ള മാസ്റ്റർ പ്ലാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും വ്യവസായികളുടെയും പങ്കാളിത്തത്തോടെ തയ്യാറാക്കി നടപ്പാക്കുന്നതിനെക്കുറിച്ച് ആലോചിച്ച് നടപടികൾ സ്വീകരിക്കാമോ? | (എ) | പ്രാദേശിക ആവശ്യാനുസരണം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ റീസൈക്ലിങ്ങ് യൂണിറ്റുകൾ സ്ഥാപിക്കുന്നതിനുള്ള പ്രോജക്റ്റുകൾ തയ്യാറാക്കുന്ന മുറയ്ക്ക് സ്ഥാപനം ആരംഭിക്കുന്നതിനും നടത്തിപ്പിനും ആവശ്യമായ സഹായങ്ങൾ വ്യവസായ വകുപ്പിൽ നിന്ന് നൽകുന്നതാണ്. സിപ്പെറ്റ്, കൊച്ചി എന്ന സ്ഥാപനം റീസൈക്ലിങ്ങുമായി ബന്ധപ്പെട്ട സാങ്കേതിക വിദ്യ വ്യവസായികൾക്ക് ലഭ്യമാക്കാൻ ആവശ്യമായ പ്രവർത്തനങ്ങൾ വ്യവസായ വകുപ്പ് മുഖാന്തിരം നടപ്പിലാക്കി വരുന്നു. ഇതിന് പുറമേ പ്ലാസ്റ്റിക്, റബ്ബർ ഉല്പ്പന്നങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട സേവനങ്ങൾ നൽകുന്നതിനായി മഞ്ചേരിയിലും ചങ്ങനാശ്ശേരിയിലും ഓരോ പൊതു സേവന കേന്ദ്രങ്ങൾ വ്യവസായ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ